1B4A25196 (Pages : 2) Reg. No:.............................

Name: .................................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA/B.Sc Degree Examination, April 2025**

**BML4A10 – Malayala Sahithyam – 4**

(2022Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1. ആശയവിനിമയത്തിന് നാം അവലംബിച്ചു വരുന്ന ഉപാധികൾ എന്തെല്ലാം?
2. ആരോഗ്യനികേതനം എം ബി ബി എസ് സിലബസിൽ ഉൾപ്പെടുത്തണം എന്ന് പി. പവിത്രൻ പറയാൻ കാരണമെന്ത്?
3. സുഹ്‌റയും മജീദും സ്വച്ഛന്ദമായി ഉപയോഗിക്കുന്ന സംബോധനാ പദമെന്ത്?
4. പാലം മുറിഞ്ഞ് വെള്ളത്തിൽ വീണ് മുങ്ങിപ്പൊങ്ങുന്നതിനിടയിലും നമ്പൂരിശ്ശനുണ്ടായ ശങ്കയേത്?
5. ദുബായ് കത്തുപാട്ട് രചിച്ചതാര്?
6. "ഞാൻ അമ്മയെ വിട്ടുകളയരുതെന്നാ എന്റെ ഗുരു എന്നോട് പറഞ്ഞത്" - ഇത് ആര് ആരോട് പറഞ്ഞതാണ്?
7. ബഷീർ കൃതികൾ ഏറ്റവും കൂടുതൽ വിവർത്തനം ചെയ്ത വിവർത്തകാനാര്?
8. ബഹ്റൈനിലെ പെൺപള്ളിയ്ക്ക് ആ പേര് വരാൻ കാരണമെന്ത്?
9. ഭൂതകാലത്തെ എന്തിനോടാണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് സാദൃശ്യപ്പെടുത്തുന്നത്?
10. പെൺപ്രവാസങ്ങളുടെ കഥ തുടങ്ങുന്നത് എങ്ങനെയാണെന്നാണ് ബെന്യാമിൻ പറയുന്നത്?
11. യഹോവയായ ദൈവം മനുഷ്യനോട് ഏത് ഫലം തിന്നരുത് എന്നാണ് കല്പിച്ചത്?
12. മൃഗഭാഷ എന്ന പ്രയോഗം ശാസ്ത്രീയമായി സാധുവാണെന്ന് പറയാൻ കഴിയാത്തതിന്റെ കാരണമെന്ത്?
13. ആശയ വിനിമയത്തിലെ സഞ്ചാരപഥം എന്താണ്?
14. എച്ചിൽ ഏത് കൃതിയുടെ മലയാള പരിഭാഷയാണ്?
15. ബോർണിയ അമ്മച്ചിക്ക് ആ പേര് ലഭിച്ചതെങ്ങനെ ?

**(2x15=30 Maximum Mark 25)**

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.**

16. ഗൾഫ് പ്രവാസ സഹിത്യത്തെക്കുറിച്ച് ബാബു ഭരദ്വാജ് മുന്നോട്ട് വെക്കുന്ന നിരീക്ഷണമെന്ത്?
17. ബാല്യകാലസഖി വിവർത്തനം ചെയ്യുമ്പോൾ ആഷർ നേരിട്ട പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു?
18. നേഴ്സുമാർ അനുഭവിക്കുന്ന ദുരിതങ്ങളെ ബെന്യാമിൻ വിവരിക്കുന്നതെങ്ങനെ ?
19. ആ കത്തുകൾ വായിച്ചപ്പോഴാണ് ഗൾഫ് പ്രവാസ സഹിത്യം യഥാർത്ഥത്തിൽ എന്താണെന്ന് മനസ്സിലായത് - സന്ദർഭമേത്?
20. അറിവിന്റെ ഫലം തിന്നതുമൂലം മനുഷ്യന് എന്താണ് സംഭവിച്ചത്
21. 'രണ്ടുപേർക്കിടമില്ലാത്ത ഭവനം' എന്ന കവിതയ്ക്ക് ആസ്വാദനം എഴുതുക?
22. ഭക്ഷണത്തിലെ ജനാധിപത്യത്തെക്കുറിച്ച് കാരശ്ശേരി പറയുന്ന കാര്യങ്ങൾ ക്രോഡീകരിക്കുക?
23. ഗൾഫിലെ ലേബർ ക്യാമ്പിലെ ജീവിതം പത്തൊമ്പതാം നൂറ്റാണ്ടിലെ അമേരിക്കൻ അടിമസമ്പ്രദായത്തെക്കാൾ താഴെയാണെന്ന് ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് പറയാൻ കാരണമെന്ത്?

**(5x8=40 Maximum Mark 35)**

**ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. 'തിരസ്കൃതജീവിതത്തിന്റെ ദുരിതങ്ങളാണ് എച്ചിൽ' - ചർച്ച ചെയ്യുക?
25. പ്രവാസത്തിന്റെ നാൾവഴികളെ 'ദൂരം വിളിക്കുമ്പോൾ' എന്ന കൃതിയെ മുൻനിർത്തി ചർച്ച ചെയ്യുക?
26. വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം പി. പവിത്രന്റെ നിരീക്ഷണങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക?
27. ദളിത് ജീവിതത്തിന്റെ സംഘർഷങ്ങളാണ് 'നൂറു സിംഹാസനങ്ങൾ' എന്ന നോവൽ - വിശദീകരിക്കുക?

**(2x10 = 20)**

1B4A25199 (Pages : 1) Reg. No:.........................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, April 2025**

**BML4C04 –Kerala Padanam – Adunika Keralam**

(2022 Admission onwards)

Time: 1 ½ hours Max. Marks : 40

**I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. പുന്നപ്രവയലാർ സമരത്തിലേക്ക് നയിച്ച രാഷ്ട്രീയ സാഹചര്യം എന്തായിരുന്നു?
2. ഈഴവ മെമ്മോറിയൽ എന്നാൽ എന്ത്?
3. ക്രിസ്തുമതച്ഛേദനം എന്ന ഗ്രന്ഥം എഴുതിയതാര്? ഇതിന്റെ പ്രസിദ്ധീകരണ ലക്ഷ്യം എന്തായിരുന്നു?
4. യോഗ ക്ഷേമ സഭ എന്നാൽ എന്ത് ?
5. വൈക്കംസത്യാഗ്രഹത്തിന്റെ സാമൂഹികപ്രസക്തിഎന്ത് ?
6. ഖിലാഫത്ത്പ്രസ്ഥാനം എന്നാൽ എന്ത് ?

**(6 x 2 = 12. പരമാവധി 10 മാർക്ക്)**

**II . താഴെപ്പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.**

7. കയ്യൂർസമരം.
8. ഗ്രന്ഥശാലാപ്രസ്ഥാനം.
9. ശ്രീനാരായണഗുരു.
10. അയ്യങ്കാളി.
11. വക്കംമൗലവി.
12. കേരളകലാമണ്ഡലം.

**(6 x 4 =24.പരമാവധി 20 മാർക്ക്.)**

**III. ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

13 കേരളത്തിലെ സാക്ഷരതാ പ്രവർത്തനങ്ങളുടെ ചരിത്രം സംഗ്രഹിക്കുക.

14 കേരളീയ നവോത്ഥാനത്തിൽ ശ്രീനാരായണ ദർശനങ്ങളുടെ സ്വാധീനം പരിശോധിക്കുക.

**(1X 10 = 10 മാർക്ക്.)**

1B4A25197 (Pages : 2) Reg. No:.........................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, April 2025**

**BML4B05 – Prajeena Madhyakala Malayala Kavitha**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION A

I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

1 മണിപ്രവാളത്തിന് ലീലാതിലകകാരൻ നൽകുന്ന ലക്ഷണമെന്ത്?

2 കണ്ണശ്ശ കവികൾ ആരെല്ലാം?

3 ചമ്പുകൾ എന്നാലെന്ത്?

4 കിളിപ്പാട്ടുവൃത്തങ്ങൾ ഏവ?

5 കൃഷ്ണഗാഥയുടെ കഥാവസ്തുവിന്റെ അടിസ്ഥാനമെന്ത്?

6 എഴുത്തച്ഛന്റെ മൂന്ന് പ്രധാന കൃതികളുടെ പേരെഴുതുക.

7 കുഞ്ചൻ നമ്പ്യാരുടെ 3 കൃതികളുടെ പേരെഴുതുക.

8 പൊട്ടൻ തെയ്യം എന്നാലെന്ത്?

9 'ദ്രാവിഡ സംഘാതാക്ഷരം' എന്നതുകൊണ്ട് ലീലാതിലകകാരൻ ഉദ്ദേശിക്കുന്നതെന്ത്?

10 മഞ്ജരി എന്ന ഗാഥാവൃത്തത്തിന്റെ ലക്ഷണമെന്ത്?

11 ''മുല്ലപ്പൂവിൻ പരിമളമെഴുംതെന്റൽ
തീയെന്റ പോലെ''എന്ന് തോന്നാൻ കാരണമെന്ത്?

12 കന്നടിയൻ പോരിന്റെ ഇതിവൃത്തമെന്ത്?

13 സന്ദേശ കാവ്യങ്ങളുടെ സവിശേഷതയെന്ത്

14 പ്രാചീന കവിത്രയം എന്നറിയപ്പെടുന്ന കവികൾ ആരെല്ലാം?

15 കിളിപ്പാട്ടു പ്രസ്ഥാനം എന്നാലെന്ത്? അതിന്റെ ഉപജ്ഞാതാവ് ആര്?

**(15 x 2 = 30 പരമാവധി മാർക്ക് 25)**

## SECTION B

II ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക

16 ''നന്മ നമുക്കതേയുള്ളു ഗുരുകടാക്ഷം കൂടാതെ
ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും''
സന്ദർഭമെന്ത്? വ്യക്തമാക്കുക.

17 പാട്ടിന്റെ ലക്ഷണമെഴുതി വിശദീകരിക്കുക.

18 ഉണ്ണുനീലി സന്ദേശത്തിന്റെ സാംസ്കാരിക പ്രാധാന്യമെന്ത്?

19 ''നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ''
സന്ദർഭവും ആശയവും വ്യക്തമാക്കുക.

20 മാപ്പിളപ്പാട്ട് സാഹിത്യത്തിലെ ഒരു ഉത്തമ കൃതിയാണ് 'ബദറുൽമുനീർ-ഹുസ്നുൽജമാൽ' എന്ന പ്രസ്താവന വിലയിരുത്തുക.

21 ഭാഷാനൈഷധം ചമ്പുവിനെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

22 ബദറുൽമുനീർ - ഹുസ്നുൽജമാൽ ഒരു ഉത്തമ മാപ്പിളപ്പാട്ട് കൃതിയാണോ? എന്തു കൊണ്ട്. വിശദീകരിക്കുക.

23 ഹനുമാന്റെ സമുദ്രലംഘനസമയത്തുണ്ടായ പ്രകൃതിയുടെ മാറ്റം കണ്ണശ്ശരാമായണകാരൻ വർണ്ണിക്കുന്നതെങ്ങനെ?

**(5 x 8 = 40 പരമാവധി മാർക്ക് 35)**

## SECTION C

III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

24 'പുരാണ കഥാപാത്രങ്ങളെ ജനകീയമാക്കുകയാണ് തുള്ളൽകൃതികളിലൂടെ നമ്പ്യാർ' ഘോഷയാത്ര എന്ന കൃതിയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന പരിശോധിക്കുക.

25 നാടൻപാട്ടിന്റെ സാംസ്കാരിക പ്രാധാന്യം വിശദീകരിക്കുക.

26 ഒരു ഭക്തികാവ്യം എന്ന നിലയിൽ കുചേല വൃത്തം വഞ്ചിപ്പാട്ടിനെ വിലയിരുത്തുക

27 കൃഷ്ണഗാഥയുടെ സവിശേഷതകൾ അക്രൂരാഗമനം എന്ന പാഠഭാഗത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുക

**(2 x 10 = 20 മാർക്ക്)**

1B4A25198 (Pages : 2) Reg. No:.........................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, April 2025**

**BML4B06 –Malayala Novel Sahithyam**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.** [2 x 15 = 30 (പരമാവധി മാർക്ക് 25)]

1. ആദ്യത്തെ ലക്ഷണമൊത്ത നോവലായ ഇന്ദുലേഖ പ്രസിദ്ധീകരിച്ച വർഷം ഏത് ? രചയിതാവ് ആര് ?
2. അറബിപ്പൊന്ന് ആരെല്ലാം ചേർന്നെഴുതിയ നോവലാണ്?
3. രവി ആരംഭിച്ച ഏകാധ്യാപക വിദ്യാലയം എവിടെയാണ്സ്ഥിതി ചെയ്യുന്നത്?
4. സി .വി . യുടെ ചരിത്രാഖ്യായികകൾ ഏതെല്ലാം?
5. ബാല്യകാലസഖി എന്ന നോവലിൽ മജീദ് വിട്ട വിട്ട്പോകുവാനുള്ള കാരണമെന്ത്?
6. അള്ളാപ്പിച്ചമൊല്ലാക്ക എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.
7. സ്വയം പ്രഖ്യാപിത ഖാളിയാറായി നൈസാമലി മാറുന്നതെപ്പോൾ?
8. മഞ്ഞ് എന്ന നോവലിലെ കേന്ദ്രകഥാപാത്രത്തിന്റെ പേരെന്ത്?
9. 'കൊച്ചരേത്തി' നോവലിൽ ഔഷധസസ്യങ്ങളെകുറിച്ച് അറിയാവുന്ന കഥാപാത്രമാര്?
10. ആദ്യത്തെ വയലാർ അവാർഡ് ലഭിച്ച നോവൽ ഏത്? എഴുതിയത് ആര്?
11. "കളിഭ്രാന്ത്, കഥകളിഭ്രാന്ത് ", ആരുടെ വാക്കുകളാണിത്? ആരോടാണ് ഇങ്ങനെ പറയുന്നത്?
12. സുൽത്താൻവീട് എന്ന നോവൽ എഴുതിയതാര്?
13. 'ഇമ്മിണിവല്യ ഒന്ന്'- എല്ലാവരും അവനെ നോക്കി ചിരിച്ചു. സന്ദർഭം എഴുതുക.
14. "ഈ കിളിയ്ക്ക് എന്നും അന്തിയാണ് മാഷ്ഷേ", എന്നാലോ, കൂടൊട്ട്പറ്റുമില്ല. ആരുടെവാക്കുകൾ? ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?
15. എടാകുരുത്തംകെട്ടകഴിവേറി, തെമ്മാടിചിന്നനെമദിരാശിക്ക് അയച്ചുവോ? ആരുടെ വാക്കുകൾ സന്ദർമെന്ത്?

ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക. [5 x 8 = 40 (പരമാവധി മാർക്ക് 35)]

16. സൂര്യനമ്പൂതിരിപ്പാട് എന്ന കഥാപാത്രത്തിലൂടെ ചന്തുമേനോൻ സാമൂഹ്യവിമർശനം നടത്തുന്നതെങ്ങനെ?
17. തിരുവിതാംകൂറിന്റെ ചരിത്രം 'മാർത്താണ്ഡവർമയിൽ' മികവുറ്റ രീതിയിൽ എഴുതിച്ചേർത്തിരിക്കുന്നത് ഉദാഹരണ സഹിതം വിശദീകരിക്കുക .
18. സുൽത്താൻ വീട് എന്ന നോവലിൻറെ പ്രമേയപരിസരമൊരുക്കുന്നതിൽ ഒന്നാം അധ്യായത്തിന്റെ പ്രാധാന്യമെന്ത്?
19. ഖസാക്കിന്റെ ഇതിഹാസത്തിലെ 'മൈമൂന' യുടെ കഥാപാത്ര നിരൂപണം നടത്തുക.
20. 'സ്വാർത്ഥപരിപൂരിതമാണ്ജീവിതം'! ജീവിതത്തെക്കുറിച്ചുള്ള ഇത്തരമൊരുകാഴ്ചപ്പാടിലേക്ക് മജീദ് എത്തിച്ചേരാനിടയായ സാഹചര്യമെന്ത്? വിവരിക്കുക.
21. സുഹറ എന്നകഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ എന്തെല്ലാം?
22. ഇംഗ്ലീഷ് നോവൽ മാതിരിയിൽ എഴുതപ്പെട്ട ഒരു കഥ എന്നാണ് ഇന്ദുലേഖയുടെ തുടക്കത്തിൽ ഗ്രന്ഥകാരൻ തന്നെ എഴുതിയിരിക്കുന്നത്. ഇങ്ങനെ എഴുതാൻ ഉണ്ടായ സാഹചര്യം ചർച്ച ചെയുക.
23. പ്രണയത്തിന്റെ മാധുര്യവും വിരഹത്തിന്റെ വേദനയും ഒരു പോലെ മലയാളികൾക്ക് അനുഭവവേദ്യമാക്കുന്നു എം.ടിയുടെ മഞ്ഞ് - വിശദമാക്കുക.

രണ്ട് ചോദ്യങ്ങളെ കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക [2 x 10 = 20]

24. ചരിത്രങ്ങളും മിത്തുകളുമൊളിപ്പിച്ച പ്രാചീനമായ ഒരു ഗ്രാമമായിരുന്നു ഖസാക്ക് - വിശദമാക്കുക.
25. നമ്പൂതിരി ഇല്ലങ്ങളിൽ തളം കെട്ടി നിന്ന ആത്തേമ്മമാരുടെ ഏകാന്തതയും ദുഃഖങ്ങളും ഗദ്ഗദങ്ങളും വിഷാദത്തുടിപ്പുകളും അഗ്നിസാക്ഷി എന്ന നോവലിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് വിശദമാക്കുക.
26. ആദിവാസിഗോത്രജീവിതം കൊച്ചരേത്തി - എന്ന നോവലിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ?
27. ഇന്ദുലേഖ ഒരു നവോത്ഥാന നായികയാണോ? നോവലിനെ ആധാരമാക്കി പരിശോധിക്കുക?.